പമ്പ-അച്ചൻകോവിൽ നദികളിലെ ജലത്തെക്കുറിച്ച് പഠനം

*5 [872] ശ്രീ. രാജു എബ്രഹാം:
„ ടി. കെ. ദേവകുമാർ:
„ കെ. കെ. ജയചന്ദ്രൻ:
„ കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ-അച്ചൻകോവിൽ നദികളിൽ നിന്നും തമിഴ്നാട്ടിലേക്ക് ജലം തിരിച്ചു വിടാനുള്ള ദേശീയ ജലവികസന ഏജൻസിയുടെ നീക്കം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നീക്കം തടയുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മേക്കരയിൽ ഡാം നിർമ്മിച്ച് പമ്പ-അച്ചൻകോവിൽ നദികളിലെ ജലം തമിഴ്നാട്ടിലേക്ക് കടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ദേശീയ ജലവികസന ഏജൻസിയും കേരളവും ചേർന്ന് പമ്പ-അച്ചൻകോവിൽ നദികളിലെ ജലത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഈ നദികളിൽ മിച്ചം ജലം ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എന്നാണ് പ്രസ്തുത പഠനം നടന്നതെന്ന് വെളിപെടുത്തുമോ; പഠന റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ജി) പ്രസ്തുത നദികളിലെ ജലത്തെക്കുറിച്ച് പുതിയ പഠനം നടത്തണമെന്ന് സംസ്ഥാന സർക്കാരിന്റെ ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എന്താണെന്ന് വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഡാം നിർമ്മിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പമ്പ-അച്ചൻകോവിൽ നദികളിലെ ജലം ഇപ്പോൾ കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. സർക്കാർ നിർദ്ദേശമനുസരിച്ച് ചീഫ് എഞ്ചിനീയറും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരും 12-7-2001-ൽ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 21-6-2003-ൽ ചീഫ് എഞ്ചിനീയർ ഉൾപ്പെട്ട ടാസ്ക്ഫോഴ്സ് ഡാമും പരിസരവും സന്ദർശിക്കുകയും കേരളത്തിൽനിന്നും മേക്കര ഡാമിലേക്ക് ജലം ഇപ്പോൾ കൊണ്ടുപോകുന്നില്ല എന്ന് ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ദേശീയ ജലവികസന ഏജൻസിയുടേയും കേരള സർക്കാരിന്റേയും പ്രതിനിധികൾ പ്രസ്തുത നദികളിലെ ജലലഭ്യതയെക്കുറിച്ച് ഒരു സംയുക്ത പഠനം നടത്താൻ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇങ്ങനെയൊരു പഠനം നടത്താൻ കേരളം ഉദ്ദേശിക്കുന്നില്ല.

(എച്ച്) ഇല്ല.

തോടുകളുടെ സംരക്ഷണത്തിന് നടപടി

*6 [873] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, ഉമേഷ് ചള്ളിയിൽ:
,, എ. എൻ. രാജൻബാബു:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ജലനിർഗ്ഗമ-ഗതാഗത മാർഗ്ഗങ്ങളായ തോടുകളുടെ സംരക്ഷണത്തിന് സർക്കാർ കൈക്കൊണ്ടിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കൈയേറ്റവും മണ്ണിടിച്ചിലുംമൂലം തോടുകൾ നശിച്ചുപോകുന്നത് പരിഗണിച്ച് ഇവയെ സംരക്ഷിക്കാൻ പ്രത്യേക നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും ചെറുതോടുകൾ നികത്തപ്പെടുന്നത് തടയാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) പരമ്പരാഗത ജലനിർഗ്ഗമ-ഗതാഗത മാർഗ്ഗങ്ങളായ തോടുകളുടെ സംരക്ഷണത്തിന് നബാർഡ് സഹായത്തോടുകൂടിയ പദ്ധതികൾ, വെള്ളപ്പൊക്ക കെടുതികളുടെ നിവാരണം, പദ്ധതി സംരക്ഷണം, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, തോടുകളുടെ ആഴം കൂട്ടൽ, പാർശ്വഭിത്തി നിർമ്മാണം, ക്രോസ്ബാർ നിർമ്മാണം തുടങ്ങിയ പ്രവൃത്തികളാണ് നടന്നുവരുന്നത്. കൂടാതെ ജലനിർഗ്ഗമ-ഗതാഗത മാർഗ്ഗങ്ങളായ നീലേശ്വരം മുതൽ പയ്യന്നൂർ വരെയുള്ള ഭാഗങ്ങളുടെ സംരക്ഷണം, ആഴം കൂട്ടൽ, ബോട്ടുജട്ടികളുടെ അറ്റകുറ്റ പണികൾ എന്നിവയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ ജലഗതാഗത മാർഗ്ഗത്തിലുള്ള ഫീഡർ കനാലുകളുടെ വികസനത്തിനുള്ള പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ആവിഷ്കരിച്ചു വരുന്നു.

(ബി) പരിശോധിക്കുന്നതാണ്.

(സി) നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും ചെറുതോടുകൾ നികത്തപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അത് തടയുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly